ഒറ്റശേഖരമംഗലം കൃഷിവികസന ആഫീസ്

235 [289] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റശേഖരമംഗലം കൃഷിവികസന ആഫീസിനുവേണ്ടി സ്വന്തമായി സർക്കാർ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൃഷിവികസന ആഫീസ് പ്രസ്തുത കെട്ടിടത്തിലേക്ക് മാറാഞ്ഞതിനുള്ള കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കോട്ടയം കൃഷിവകുപ്പു സബ്ഡിവിഷനിലെ ഡമോൺസ്ട്രേറ്റർമാരുടെ ആഫീസുകൾ

236 [290] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം കൃഷി വകുപ്പു സബ്ഡിവിഷനിലെ പുതുപ്പള്ളി, അകലകുന്നം, പാമ്പാടി, വിജയപുരം, പള്ളിക്കത്തോട്, വാകത്താനം എന്നീ കൃഷിവികസന ആഫീസുകളുടെ കീഴിൽ എത്ര ഡമോൺസ്ട്രേറ്റർമാരുടെ ആഫീസുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇതിൽ എവിടെയെല്ലാം ആഫീസ് കെട്ടിടം പണി പൂർത്തിയായി, എവിടെയെല്ലാം പണി നടന്നുകൊണ്ടിരിക്കുന്നു ;

(സി) സ്ഥലം സൗജന്യമായി ലഭിച്ചാൽ എവിടെയെല്ലാം കെട്ടിടം പണിയുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ആറ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റുകളുടെ പ്രവർത്തനപരിധിയിൽ 30 കൃഷി ഡെമോൺസ്ട്രേറ്റർമാർ പ്രവർത്തിക്കുന്നു. അവർക്ക് പ്രത്യേകം ആഫീസുകളില്ല.

(ബി) ആഫീസ് കെട്ടിടങ്ങളൊന്നും പണിയുന്നില്ല. 10 അഗ്രിക്കൾച്ചറൽ, ഡമോൺസ്ട്രേറ്റർമാരുടെ കാർട്ടേഴ്സുകളുടെ (ആഫീസ്-കം-റസിഡൻസ്) പണി നടന്നുവരുന്നു.

(സി) ററി ആൻഡ് വി പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിനാൽ ഇപ്പോഴത്തെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്ന കെട്ടിടങ്ങൾക്കും പുറമേ പുതുതായി കെട്ടിടങ്ങൾ പണിയാൻ ഉദ്ദേശമില്ല.

വെറ്ററിനറി കോളേജുകൾ

237. [291] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി വെറ്ററിനറി കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര കോളേജുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly